മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇതിനുവേണ്ട നടപടികളൊക്കെ നേരത്തേ എടുത്തിട്ടുണ്ട്. ഈ ഗവൺമെൻറ് വന്നതിനുശേഷം 1983–84–ലാണ് ആദ്യമായി പണം അനുവദിച്ചത്. 50 ലക്ഷം രൂപ കൊടുത്തത് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഏതായാലും കൂടുതൽ പണം ചെലവഴിക്കാനും, വ്യാപകമാക്കുവാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) നെയ്യാറിൻകര ജോയിൻറ് ആർ. ടി. ഒ. ഓഫീസ്

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, നെയ്യാറിൻകരയിൽ ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ജോയിൻറ് ആർ. ടി. ഒ. ഓഫീസ് ഈ അടുത്തകാലത്ത് മാറിക്കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിച്ചതായി എനിക്ക് അറിയാൻ കഴിഞ്ഞു. കേരളത്തിലെ രണ്ട് താലൂക്കുകളിൽ മാത്രമാണ് ഒന്നിൽ കൂടുതൽ ജോയിൻറ് ആർ. ടി. ഒ. ഓഫീസുകൾ പ്രവർത്തിക്കുന്നുള്ളൂ. ഇതിനു മുൻപുള്ള ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിയും മുൻപുള്ള ധനകാര്യ വകുപ്പു മന്ത്രിയും കൂടി യോജിച്ച് അവർക്ക് രണ്ടുപേർക്കും കൂടി സൗകര്യപ്രദമായി ഓരോ ഓഫീസുകൾ കൊണ്ടു വന്നതാണ് ഇതിനു കാരണം. ഏതാണ്ട് മൂവായിരത്തോളം വാഹനമുടമകൾക്കും പതിനായിരത്തോളം ഡ്രൈവിംഗ് ലൈസൻസികൾക്കും പ്രയോജനമുള്ളതാണ് നെയ്യാറിൻകര കേന്ദ്രമായി പ്രവർത്തിക്കുന്ന ആഫീസ്. മുൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അദ്ദേഹത്തിൻറെ ഹൃദയം സൂക്ഷിപ്പുകാരൻറെ സൗകര്യത്തിന് വേണ്ടി 200–ൽ താഴെമാത്രം വാഹനമുടമകളുടെയും അതുപോലെ മുന്നൂറോളം ലൈസൻസികളുടെയും ആവശ്യത്തിലേക്കുവേണ്ടി കൊണ്ടു പോകുന്നതിൽ ഞങ്ങൾക്കാർക്കും എതിരില്ല. പതിനായിരക്കണക്കിന് വരുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കരുത്. മന്ത്രിയുടെ അഭിമാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കരുത്. ജനങ്ങളുടെ ശവത്തിൻറെ പുറത്ത് ചവിട്ടി ഓഫീസ് മാറേണ്ടിവരും. അതിന് ഇടവരുത്തരുതെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): ഒരു താലൂക്കിൽ ഒരു ജോയിൻറ് ആർ. ടി. ഒ. ഓഫീസെന്നുള്ള നിലയിലാണ് ഗവൺമെൻറ് നയപരമായി തീരുമാനിച്ചിട്ടുള്ളത്. അതിൻറെ അടിസ്ഥാനത്തിൽ ഒന്നിലധികം ജോയിൻറ് ആർ. ടി. ഒ. ഓഫീസുകളുള്ള താലൂക്കുകളിൽനിന്ന് ഓരോ ഓഫീസ് മാറ്റുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി പുനഃപരിശോധിക്കാൻ നിർവ്വാഹമില്ല.

(6) എറിയാട് പഞ്ചായത്തിലെ നെഹ്റു ബ്രിഡ്ജ്/ൻറെ പണി

ശ്രീ. വി. കെ. രാജൻ: ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന എറിയാട് പഞ്ചായത്തിലെ ജനാബ് മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ്ബിൻറെ നാമധേയത്തിലുള്ള റോഡിൽ കൗൺസിൽ കടവെന്നു പറയുന്ന പുഴയോരമുണ്ട്. അവിടെ നെഹ്റു ബ്രിഡ്ജ് എന്ന ഒരു പാലം നിർമ്മിക്കുന്നതിനുവേണ്ടി വർഷങ്ങൾക്കു മുൻപ് എസ്റ്റിമേറെടുത്ത് അതിൻറെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടാണ്. ആദ്യം അത് ഫിഷറീസ് ഡിപ്പാർട്ടുമെൻറിലാണെന്ന് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly